മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

08.01.2024

വാർത്താക്കുറിപ്പ് 01

സംഗീതാർച്ചനയിൽ ലയിച്ച് സന്നിധാനം

ശാസ്ത്രീയ സംഗീതത്തിന്റെ ഭാവ ലയങ്ങൾ ആസ്വാദകർക്ക് പകർന്ന് ബിജു കെ കുമാരനും സംഘവും. സന്നിധാനം വലിയ നടപ്പന്തലിലെ ശാസ്ത ഓഡിറ്റോറിയത്തിലാണ് മാടപ്പള്ളി ശ്രീ ഭഗവതി കലാക്ഷേത്ര സംഘത്തിന്റെ സംഗീത സദസ്സ് അരങ്ങേറിയത്.

അയ്യപ്പ ദർശനം തേടിയെത്തിയ ഭക്തർക്ക് ശാസ്ത്രീയ സംഗീതത്തിന്റെ നവ്യാനുഭൂതിയാണ് ബിജു കെ കുമാരനും ബി എസ് സ്വരരാഗും ആലപിച്ച കീർത്തനങ്ങൾ സമ്മാനിച്ചത്.

മുത്തുസ്വാമി ദീക്ഷിതർ ചിട്ടപ്പെടുത്തിയ ഹംസധ്വനി രാഗത്തിലെ വാതാപി ഗണപതിം ഭജേ എന്ന കീർത്തനാലാപനത്തോടെയാണ് സംഗീത സദസ്സ് ആരംഭിച്ചത്. ഹിമഗിരി തനയേ കീർത്തനം ശുദ്ധധന്യാസി രാഗത്തിലും അലൈ പായുതെ കീർത്തനം കാനഡ രാഗത്തിലും അവതരിപ്പിച്ചു. ശങ്കരാഭരണം സിനിമയിലെ ശങ്കര നാദശരീരാപരാ എന്ന അർദ്ധശാസ്ത്രീയ ഗാനം സദസ്സ് കൈയടിയോടെ ഏറ്റുവാങ്ങി.

മനോഹരമായ അയ്യപ്പ ഭക്തിഗാനങ്ങൾ ആലപിച്ചതോടെ വലിയ നടപന്തലിൽ അസ്വാദകരും വർധിച്ചു. ഗാനങ്ങൾ കൂടെപ്പാടി ഭക്തരും സംഗീത സദസ്സ് ആഘോഷമാക്കി.

മൃദംഗത്തിൽ അജീഷ് കുമാർ മാടപ്പള്ളി, ഘടകത്തിൽ ജി പ്രകാശ് , വയലിനിൽ ബാലമുരളി , മുഖർശംഖിൽ വി കെ സുബിൻ, ഗഞ്ചിറയിൽ അരുൺ ബാബു എന്നിവർ വേദിയിൽ നാദ വിസ്മയം തീർത്തു.തുടർച്ചയായ പന്ത്രണ്ടാം വർഷമാണ് സംഘം സന്നിധാനത്ത് സംഗീത സദസ്സ് അവതരിപ്പിക്കുന്നത്.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

08.01.2024

വാർത്താക്കുറിപ്പ് - 02

മകരവിളക്കിനെ വരവേൽക്കാൻ ഒരുങ്ങി ശബരിമല

ചരിത്ര പ്രസിദ്ധമായ ശബരിമല മകരവിളക്കിന് ദിവസങ്ങൾ മാത്രം ശേഷിക്കെ മകരവിളക്ക് ദർശനത്തിനുള്ള ക്രമീകരണങ്ങൾ സന്നിധാനത്ത് പുരോഗമിക്കുന്നു. മകരവിളക്ക് പ്രമാണിച്ച് ജനുവരി 13 ന് വൈകുന്നേരം 5 മണിക്ക് പ്രാസാദ ശുദ്ധിക്രിയകൾ നടക്കും. ജനുവരി 14 ന് ഉഷ പൂജക്ക് ശേഷം ബിംബശുദ്ധിക്രിയകളും നടക്കും. ജനുവരി 15 നാണ് മകരവിളക്ക്. അന്ന് പുലർച്ചെ 2 മണിക്ക് തിരുനടതുറക്കും. 2.46 ന് മകരസംക്രമ പൂജയും നെയ്യഭിഷേകും നടക്കും. പതിവുപൂജകൾക്കുശേഷം അന്ന് വൈകീട്ട് അഞ്ചിനാണ് നടതുറക്കുക. തുടർന്ന് തിരുവാഭരണം സ്വീകരിക്കുന്നതിനുള്ള പുറപ്പെടൽ ചടങ്ങ് നടക്കും. വൈകീട്ട് 5.30 ന് ശരംകുത്തിയിൽ തിരുവാഭരണ ഘോഷയാത്രയെ ആചാരപൂർവ്വം സ്വീകരിക്കും. 6.15 ന് കൊടിമര ചുവട്ടിൽ തിരുവാഭരണ പേടകത്തെ സ്വീകരിക്കും. തിരുവാഭരണം ചാർത്തിയുള്ള ദീപാരാധന 6.30 ന് നടക്കും. ശേഷം മകരവിളക്ക് - മകരജ്യോതി ദർശനം എന്നിവ നടക്കും. ജനുവരി 15 ന് വൈകീട്ട് മണിമണ്ഡപത്തിൽ കളമെഴുത്ത് ആരംഭിക്കും. 15, 16, 17, 18 തീയതികളിൽ മണിമണ്ഡപത്തിൽ നിന്ന് പതിനെട്ടാംപടിക്ക് മുന്നിലേക്ക് അയ്യപ്പ സ്വാമിയുടെ എഴുന്നള്ളിപ്പും നായാട്ട് വിളിയും നടക്കും. 18-ാം തീയതി വരെ ഭക്തർക്ക് തിരുവാഭരണ ഭൂഷിതനായ അയ്യപ്പ സ്വാമിയെ ദർശിക്കാം.19 വരെ മാത്രമേ തീർഥാടകർക്ക് നെയ്യഭിഷേകം ചെയ്യാനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

19 ന് മണിമണ്ഡപത്തിൽ നിന്ന് ശരംകുത്തിയിലേക്കുള്ള എഴുന്നള്ളത്ത് നടക്കും. ജനുവരി 20 ന് രാത്രി 10 മണിക്ക് മാളികപ്പുറം ക്ഷേത്ര സന്നിധിയിൽ ഗുരുതി നടക്കും. ജനുവരി 20 വരെ ഭക്തർക്കു ദർശനത്തിനുള്ള സൗകര്യമുണ്ടായിരിക്കും. 21 ന് പുലർച്ചെ തിരുവാഭരണ പേടകം തിരിച്ചെഴുന്നള്ളിക്കും. തുടർന്ന് പന്തളം രാജപ്രതിനിധി ശബരീശദർശനം നടത്തിയ ശേഷം ഹരിവരാസനം പാടി ശ്രീ കോവിൽ നടയടക്കും.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ

പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

08.01.2024

വാർത്താക്കുറിപ്പ് - 03

തീർത്ഥാടകരെ സ്വീകരിക്കാൻ സന്നിധാനം ഒരുങ്ങി

മകരവിളക്ക് മഹോത്സവകാലത്തെത്തുന്ന തീർത്ഥാടകരെ സ്വീകരിക്കാനായി പമ്പ മുതൽ സന്നിധാനം വരെ ഒരുങ്ങി കഴിഞ്ഞു ആഴിയും പതിനെട്ടാം പടിയും നെയ്ത്തോണിയും അഗ്നിരക്ഷാസേനയും വിശുദ്ധി സേനയും കഴുകി വൃത്തിയാക്കി സന്നിധാനത്തിന്റെ പരിസരവും മാളികപ്പുറം പരിസരവും നടപ്പന്തലും ശുചീകരിച്ചു. പമ്പ മുതൽ സന്നിധാനം വരെയുള്ള പാതയിൽ ദേവസ്വം ബോർഡിന്റെ ഔഷധ കുടിവെള്ള വിതരണവും ഉണ്ട്. ക്യൂ കോംപ്ലക്സുകളിലും തീർഥാടകർക്ക് കൂടുതൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

ജനുവരി 13 വരെ ഓൺലൈനിൽ വെർച്വൽ ക്യൂ ബുക്ക് ചെയ്ത 80,000 പേർക്കാണ് ദർശനം സാധ്യമാവുക. ജനുവരി 10ന് ശേഷം സ്പോർട്ട് ബുക്കിംഗ് സംവിധാനം നിലവിലുണ്ടാവില്ല. വെർച്വൽ ക്യൂ ടിക്കറ്റില്ലാത്ത ഒരു തീർത്ഥാടകനേയും സന്നിധാനത്തേക്ക് കടത്തിവിടില്ല. ജനുവരി 14ന് 50,000 പേർ, 15 ന് 40,000 പേർ എന്നിങ്ങനെയാണ് വെർച്വൽ സൗകര്യം നിശ്ചയിച്ചത്. ഈ ദിവസങ്ങളിലെ ബുക്കിംഗ് പൂർത്തിയായിക്കഴിഞ്ഞു.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ

പബ്ലിക് റിലേഷൻസ് വകുപ്പ് കേരള സർക്കാർ

08.01.2024

വാർത്താക്കുറിപ്പ് 04

വലിയ നടപ്പന്തൽ ശുചീകരിച്ചു

മകരവിളക്ക് മഹോത്സവത്തിന്റെ മുന്നൊരുക്കങ്ങളുടെ ഭാഗമായി വലിയ നടപ്പന്തൽ ശുചീകരിച്ചു. ഉച്ചപൂജ കഴിഞ്ഞ് നടയടച്ചതിന് ശേഷമായിരുന്നു

ഡ്യൂട്ടി മജിസ്ട്രേറ്റ് സുമീതൻ പിള്ളയുടെ നേതൃത്വത്തിൽ ശുചീകരണം നടന്നത്. ഭക്തർക്ക് ബുദ്ധിമുട്ടുണ്ടാവാതിരിക്കാൻ പോലീസ് സഹകരണത്തോടെ ഘട്ടം ഘട്ടമായായിരുന്നു ശുചീകരണ പ്രവർത്തനം.

സന്നിധാനത്ത് തീർത്ഥാടകർ പ്രധാനമായും വിരിവെക്കുന്ന വലിയ നടപ്പന്തലിലെ ശുചീകരണത്തോടെ കൂടുതൽ വൃത്തിയുള്ള അന്തരീക്ഷത്തിൽ വിരിവെക്കാനുള്ള സൗകര്യമാണ് ഒരുങ്ങിയത്. എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് പി. വിജയകുമാർ, സാനിറ്റേഷൻ സൂപ്രവൈസർമാരായ കെ.വി ജിജു, സന്തോഷ് കേശവ്, ജയകൃഷ്ണൻ, രാഹുൽ, ദിലീപ്, അമ്പതിലേറെ വിശുദ്ധി സേനാംഗങ്ങൾ എന്നിവർ ശുചീകരണത്തിൽ പങ്കാളികളായി. വേർതിരിച്ച മാലിന്യങ്ങൾ ട്രാക്ടറിൽ നീക്കം ചെയ്തു.

മാളികപ്പുറത്ത് ഫയർഫോഴ്സിന്റെ നേതൃത്വത്തിലും ശുചീകരണം നടന്നിരുന്നു. അടുത്ത ദിവസവും ഉച്ചയ്ക്ക് നട അടച്ചതിനുശേഷം ശുചീകരണം തുടരും.

ശബരിമലയിലെ ഇന്നത്തെ (9.01.2024)ചടങ്ങുകൾ

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് .... പതിവ് അഭിഷേകം

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി
മുതൽ 11.30 മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

12 ന് 25 കലശാഭിഷേകം തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് നട അടയ്ക്കും

3 മണിക്ക് നട തുറക്കും

6.30 ന് ദീപാരാധന

9.30 ന് അത്താഴ പൂജ

10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.